32. ദേവസ്വം

33. വ്യവസായ വകുപ്പ്

34. ടൂറിസം വകുപ്പ്

35. മൈനിംഗ് ആന്റ് ജിയോളജി

36. മൃഗസംരക്ഷണം

37. ക്ഷീര വികസനം

38. ഗ്രാമ വികസനം

39. തൊഴിൽ വകുപ്പ്

40. സാമൂഹ്യരക്ഷാമം

41. സർവ്വകലാശാല

42. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

(സി) പ്രോസിക്യൂഷൻ, വകുപ്പുതല അച്ചടക്ക നടപടി, നഷ്ടം തിരിച്ചുപിടിക്കൽ, സസ്പെഷൻ, ട്രൈബ്യൂണൽ എൻക്വയറി, സ്ഥലം മാറ്റൽ, പിരിച്ചുവിടൽ തുടങ്ങിയ നടപടികൾ ഇവർക്കെതിരെ കൈക്കൊണ്ടിട്ടുണ്ട്.

വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

91(298) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സാജുപേൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഹോട്ടലുകളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ടൂറിസ്റ്റുകളുടെ താമസത്തിനായി കൂടുതൽ ഹോട്ടലുകളും യാത്രീനിവാസുകളും ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ചെന്നൈ കേരള ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഇ) കൊച്ചിയിലെ മറീന പദ്ധതി പൂർത്തിയായിട്ടുണ്ടോ : ഈ പദ്ധതിമൂലം ടൂറിസം രംഗത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(എഫ്) ഗസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. കെ.ടി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യത്തെ ഇന്റർനാഷണൽ മറീന കൊച്ചി ബോൾഗാട്ടി ദ്വീപിൽ തുടങ്ങി.

2. ജനകീയ ടൂറിസത്തിന്റെ ഭാഗമായി യാത്രീനിവാസുകൾ നവീകരിക്കുകയും ടാമറിന്റ് ഇൗസി ഹോട്ടലുകളായി പുനർനാമകരണം ചെയ്യുകയും ചെയ്തു.

3. മാസ്ക്കറ്റ് ഹോട്ടലിലെ ഹെറിറ്റേജ് ബ്ലോക്ക് നവീകരിക്കുകയും. ഗസ്റ്റുകൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു.

4. സുൽത്താൻ ബത്തേരി, പൊൻമുടി എന്നിവിടങ്ങളിൽ പുതിയ ബഡ്ജറ്റ് റിസോൾട്ടുകൾ തുടങ്ങി.

5. മൂന്നാർ ടികൗണ്ടിയിൽ 24 മുറികൾ കൂടി നിർമ്മിച്ചു.

6. കെ. ടി. ഡി. സി-യുടെ ഹോട്ടലുകളിലെ ടോയ്ലെറ്റുകൾ നവീകരിച്ചു.

7. ചെന്നൈയിലെ 95 മുറികളുള്ള 3 സ്റ്റാർ സൗകര്യങ്ങളുള്ള കേരള ഹൗസ് നിർമ്മാണം പൂർത്തിയായി.

8. കേരളത്തിലെ ഇടത്തര വരുമാനക്കാരായ സഞ്ചാരികളുടെ സൗകര്യാർത്ഥം കെ. ടി. ഡി. സി. - യുടെ ബഡ്ജറ്റ് ഹോട്ടലുകളായ ടാമറിന്റ് ഇൗസി ഹോട്ടലുകളെ ബന്ധിപ്പിച്ചുകൊണ്ട് ഡിസ്കവർ കേരള എന്ന നവീന പാത്ത്ക്കേജിന് രൂപം നൽകി.

9. കുമരകത്തെ പക്ഷിസങ്കേത കേന്ദ്രത്തിൽ വാച്ച് ടവർ. ഇന്റർപ്രിട്ടേഷൻ സെന്റർ തുടങ്ങിയവ സ്ഥാപിക്കുകയും കുമരകത്തെ വാട്ടർസ്കേപ്സ് റിസോർട്ടിലെ കോട്ടേജുകൾ മോടി പിടിപ്പിക്കുകയും ചെയ്തു.

10. ഓൺലൈൻ ബുക്കിംഗ്. പരിഷ്കരിച്ച വെബ്സൈറ്റ് എന്നിവ നടപ്പാക്കി.

11. കോവളത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ ബോൾഗാട്ടിയിൽ കൺവെൻഷൻ സെന്റർ എന്നിവയുടെ പണി പൂർത്തീകരിച്ചു വരുന്നു.

12. കെ. ടി ഡി സി -യുടെ എല്ലാ ഹോട്ടലുകളും നവീകരിക്കുകയും റീ ബ്രാന്റ് ചെയ്യുകയും ചെയ്തു. ഇതേ തുടർന്ന് 8 ഹോട്ടലുകൾക്ക് പകരം 31 പ്രോപ്പർട്ടികൾ ദേശീയ അന്തർദ്ദേശീയ മാർക്കറ്റിൽ വിപണനം ചെയ്ത് തുടങ്ങി.

13. ബേക്കലിൽ ഒരു ബീച്ച് ക്യാമ്പ്. മുഴിപ്പിലങ്ങാടിയിൽ ഒരു ബീച്ച് റിസോൾട്ട് എന്നിവ തുടങ്ങുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) മൂന്നാറിലെ ടീകൗണ്ടിൽ 24 പുതിയ മുറികൾ നിർമ്മിച്ചു; കോവളത്തെ സമുദ്ര ഹോട്ടൽ നവീകരിച്ചു. മസ്ക്കറ്റ് ഹോട്ടലിലെ പഴയ കെട്ടിടത്തെ ഹെറിറ്റേജ് ബ്ലോക്കായി നവീകരിച്ചു. യാത്രീ നിവാസുകൾ നവീകരിച്ച് ടാമറിന്റ് എന്ന പേരിൽ റീബ്രാന്റ് ചെയ്തിട്ടുണ്ട്.

(സി) ബേക്കലിൽ ഒരു ബീച്ച് ക്യാമ്പ്, മുഴിപ്പിലങ്ങാടിയിൽ ഒരു ബീച്ച് റിസോർട്ട് എന്നിവ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) ചെന്നൈ കേരള ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്; ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം 13-02-2011-ന് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ഇ) കൊച്ചിയിലെ മറീന പദ്ധതിയായ കൊച്ചി ഇന്റർനാഷണൽ മറീനയും അതിനോട് ചേർന്നുള്ള മറീന ഹൗസ് എന്ന ഹോട്ടലും 2010 ഏപ്രിൽ മാസം 24-ാം തീയതി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. വിദേശ രാജ്യങ്ങളിൽ നിന്നും പായ്ക്കപ്പലുകളിൽ/യാട്ടുകളിൽ കൊച്ചിയിലെത്തുന്ന സാഹസികരായ നാവികർക്ക് വിശ്രമിക്കുന്നതിനുള്ള ഹോട്ടലും, യാട്ടുകൾ സുഗമവും സുരക്ഷിതവുമായി നങ്കൂരമിട്ട് കിടക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് മറീനയിൽ സജ്ജമാക്കിയിരിക്കുന്നത്. ഈ പദ്ധതിമൂലം അന്താരാഷ്ട്ര നാവിക ടൂറിസ്റ്റുകൾ കേരളത്തിലേക്ക് ആകർഷിക്കപ്പെടുന്നു.

(എഫ്) ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ഗസ്റ്റ് ഹൗസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ഗസ്റ്റ്ഹൗസുകളിൽ അറ്റകുറ്റ പണികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്നു. കൊല്ലം ഗസ്റ്റ്ഹൗസിന്റെ നവീകരണപ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ കണ്ണൂർ, സുൽത്താൻബത്തേരി ഗസ്റ്റ് ഹൗസുകളിൽ അഡീഷണൽ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കാസർഗോഡ് ഗസ്റ്റ്ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം മേഖലയുടെ പുരോഗതി

92(299) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വ്യവസായ രംഗത്ത് കഴിഞ്ഞ 5 വർഷ കാലയളവിൽ ഉണ്ടായ പുരോഗതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2006 മുതൽ 2010 വരെ സംസ്ഥാനത്ത് എത്ര വിദേശ-സ്വദേശ ടൂറിസ്റ്റുകൾ വന്നുവെന്നും ആയിനത്തിൽ സർക്കാരിന് എന്തു തുക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly